ഇന്റർവ്യൂ നടത്തിയാണ് നിയമിച്ചിട്ടുള്ളത്. ആയതിനാൽ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിൽ തെറ്റായ പരിശോധനാ ഫലം ലഭിക്കുന്നതായും അതിലൂടെ രോഗികൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായുമുള്ള പരാതി ഇതുവരെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികളിൽ ജോലി നോക്കുന്ന ലബോറട്ടറി ടെക്നീഷ്യൻമാർ അടക്കമുള്ള ഉദ്യോഗസ്ഥർക്ക് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുണ്ടോയെന്ന് സേഫ് കേരള പ്രോഗ്രാമിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ ടീമുകൾ പരിശോധന നടത്തി യോഗ്യതയില്ലാത്ത ടെക്നീഷ്യന്മാർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നിഷേധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

8 (*518) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി വനിതാ കമ്മീഷന്റെയും വനിതാ സംഘടനകളുടെയും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ടോ ;

(ബി) സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിന് വിവിധ തലങ്ങളിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തന ലക്ഷ്യം എന്തെല്ലാമായിരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന നിർദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ കമ്മിറ്റികളുടെ പ്രവർത്തനം എന്തായിരിക്കുമെന്ന് വിശദമാക്കുമോ ;

(ഡി) കമ്മിറ്റി രൂപീകരണത്തിനുശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എത്രത്തോളം കുറഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്കുനേരെയുള്ള ലൈംഗികാതിക്രമങ്ങൾ (തടയൽ, നിരോധനം, പരിഹാരം) ചട്ടങ്ങൾ 2013 പ്രകാരം പത്തിൽ കൂടുതൽ ഉദ്യോഗസ്ഥരുള്ള എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നത് സംബന്ധിച്ച നിർഭയ പോളിസിയുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും ബഹു. സാമൂഹ്യനീതി വകുപ്പുമന്ത്രി അദ്ധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കമ്മിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

- തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് ജോലി ചെയ്യുന്നതിന് സുരക്ഷിതവും സമാധാനപരവുമായ അന്തരീക്ഷം സംജാതമാക്കുക.
- ലൈംഗിക പീഡനം സംബന്ധിച്ച് ഔപചാരികമായോ രേഖാമൂലമോ ലഭിച്ച എല്ലാ പരാതികളും അന്വേഷിക്കുക.
- തെളിയിക്കപ്പെട്ട എല്ലാ ലൈംഗിക പീഡന ആരോപണങ്ങളിന്മേലും ഉചിതമായ നടപടികൾ സ്വീകരിക്കുക.
- തൊഴിൽ സംബന്ധമായ ലൈംഗിക പീഡനം ഉണ്ടാകാതിരിക്കുന്നതിന് മുൻകരുതലെടുക്കുകയും അഥവാ ഉണ്ടായാൽ തടയുകയും ചെയ്യുക.

(ഡി) കമ്മിറ്റി രൂപീകരണത്തിനുശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുണ്ടായാൽ ആയത് തടയുന്നതിന് ചട്ടപ്രകാരമുള്ള എല്ലാ നടപടികളും അതാത് സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെൽ

9 (*519) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly